"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേളകം ഗ്രാമപഞ്ചായത്ത് - 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത മാലിന്യസംസ്കരണ പ്ലാന്റ് സർവ്വീസ് - റിപ്പയറിംഗ് പ്രോജക്ട് (പ്രോ നം. 9/2017) - വർക്ക് ഓർഡർ ഇല്ലാതെ പ്രവർത്തി അനുവദിച്ചതിനും തുക കരാറുകാരന് കൈമാറിയതിനും സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1069/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-

1. കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017, 15.06.2017 തീയതികളിലെ 930/17 നമ്പർ കത്തുകൾ.
2. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.09.2017ലെ ബി2-5424/17, 29.11.2018ലെ ബി2-8291/18, 14.01.2019ലെ ബി2-8773/18 നമ്പർ റിപ്പോർട്ടുകൾ.
3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22.02.2022ലെ ഡി.കെ.എസ്.എ.452/പി.റ്റി.3/2020 നമ്പർ റിപ്പോർട്ട്.
4. പഞ്ചായത്ത് ഡയറക്ടറുടെ 06.09.2022ലെ PAN/1753/2022-J1(DP) നമ്പർ റിപ്പോർട്ട്.
5. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കണ്ണൂർ ജില്ലാ എൺവയോൺമെന്റൽ എഞ്ചിനീയറുടെ 29.02.2024 PCB/KNR/GEN/ITY/270/2021 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കേളകം ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യസംസ്കരണ പ്ലാന്റ് സർവ്വീസ് - റിപ്പയറിംഗ് പ്രോജക്ടിന് (പ്രോ നം. 9/2017) തുക വകയിരുത്തി അംഗീകാരം വാങ്ങുകയും, ടെണ്ടർ ക്ഷണിക്കുകയും, തുടർന്ന് 2 ക്വോട്ട് ലഭിക്കുകയും ചെയ്തു. സ്റ്റീൽ ടെക് കോർട്ട് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം എസ്റ്റിമേറ്റ് തുകയായ 190000/- രൂപയും, R&D കോട്ട ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 196575/- രൂപയും ക്വോട്ട് ചെയ്താണ് ടെണ്ടർ സമർപ്പിച്ചത്. എന്നാൽ R & D കോട്ട ഇൻഡസ്ട്രീസ് സമർപ്പിച്ച ടെണ്ടറിനോടൊപ്പം പ്രാഥമിക കരാർ ഉടമ്പടി, നിരതദ്രവ്യം എന്നിവ സമർപ്പിക്കാത്ത ന്യൂനതകളുള്ളതിനാലും ടെണ്ടർ കാലയളവിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാലും പ്രസ്തുത ടെണ്ടർ മാറ്റി വെച്ചു എന്നു രേഖപ്പെടുത്തി, ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി ചേർന്ന ഭരണസമിതി, തീരുമാനം മാറ്റിവെക്കുകയും ചെയ്തു. തുടർന്ന് ടെണ്ടർ അംഗീകരിക്കുന്നതിനും, വർക്ക് ഓർഡർ നൽകുന്നതിനും കാലതാമസമുണ്ടായി. എന്നാൽ എസ്റ്റിമേറ്റ് തുക ക്വോട്ട് ചെയ്ത സാധുവായ ടെണ്ടർ സമർപ്പിച്ച

സ്റ്റീൽ ടെക് കോർട്ട് സൊല്യൂഷൻ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് തീരുമാനം കൈകൊള്ളുകയോ റീ ടെൻഡർ ചെയ്യുകയോ ചെയ്തില്ല. മാലിന്യങ്ങൾ പൊതു സ്ഥലത്ത് കുമിഞ്ഞ് കൂടിയത് പൊതുജന പ്രതിഷേധങ്ങൾക്ക് കാരണമായതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിച്ച സ്റ്റീൽ ടെക് കോർട്ട് സൊല്യൂഷൻ എന്ന കമ്പനിയോട് അടിയന്തരമായി റിപ്പയറിംഗും പ്ലേസ്മെന്റും ചെയ്യാൻ ഭരണസമിതി നേരിട്ട് വാക്കാൽ ആവശ്യപ്പെടുകയും അത് പ്രകാരം ടി സ്ഥാപനം വർക്ക് ഓർഡർ ഇല്ലാതെ പ്രവർത്തി അടിയന്തരമായി പൂർത്തീകരിച്ച് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി അനുവദിച്ച് പൂർത്തീകരിച്ചതിന് സാധൂകരണം നൽകണമെന്ന് കേളകം ഗ്രാമപഞ്ചായത്ത് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്ത് പ്രസ്തുത പ്ലാന്റിലൂടെ മാലിന്യങ്ങൾ കത്തിക്കുന്നത് നിലവിലുള്ള ഹരിത പെരുമാറ്റ ചട്ടങ്ങൾക്കും മാലിന്യ സംസ്കരണ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായതിനാൽ നിലവിൽ ഗ്രാമ പഞ്ചായത്ത് ഇൻസിനറേറ്റർ റിപ്പയർ ചെയ്ത വകയിലുള്ള തുക കരാറുകാരന് അനുവദിച്ച്, നിലവിൽ സ്വീകരിച്ചു വരുന്ന ഇൻസിനറേറ്റർ വഴിയുള്ള മാലിന്യ സംസ്കരണം നിർത്തി വെക്കുന്നതിന് നിർദ്ദേശമുണ്ടാകുന്നതാണ് ഉചിതമെന്ന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. ബിൽ തുക അനുവദിച്ചു തരണമെന്നു കരാറുകാരൻ നിരവധി തവണ ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടും സർക്കാർ അനുമതി ലഭിക്കാത്തതിനെ തുടർന്ന് ആയത് അനുവദിച്ചിരുന്നില്ല. തുക അനുവദിക്കാത്ത പക്ഷം ഇൻസിനറേറ്ററിൽ സ്ഥാപിച്ച വസ്തുക്കൾ തിരിച്ചെടുക്കുന്നതാണെന്ന് കരാറുകാരൻ അറിയിച്ചത് പ്രകാരം, വിഷയം വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യുകയും, മാലിന്യ പ്ലാന്റിൽ മെഷീൻ സ്ഥാപിച്ച അതേ കമ്പനി ആണ് പ്രവർത്തി നിർവ്വഹിച്ചത് എന്നതിനാലും, ടെൻഡർ ക്ഷണിച്ച് പൂർത്തീകരിച്ച് നിർവ്വഹണം പൂർത്തീകരിച്ചതാകയാൽ ബിൽ തുക അനുവദിച്ചില്ലെങ്കിൽ ഭരണ സമിതിക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യാൻ സാധിക്കുന്നതാണെന്നും വിലയിരുത്തിയത് പ്രകാരം എത്രയും വേഗം ബിൽ തുക കരാറുകാരനു അനുവദിക്കാമെന്ന് തീരുമാനിച്ച് ഭരണ സമിതി തീരുമാനത്തിനു ശുപാർശ ചെയ്യുകയും അത് 16/01/2019 തീയതിയിലെ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 05/04/2019 തീയതിയിൽ 1,18,459 രൂപയും, 27/03/2019 തീയ്യതിയിൽ 71,541 രൂപയും ഉൾപ്പെടെ ആകെ 1,90,000 രൂപ കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിലൊന്നായ മാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി നടത്തിയ പ്രവർത്തനങ്ങളായതിനാലും, പദ്ധതി രൂപീകരണം, ടെണ്ടർ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിനാലും, നേരത്തെ ഇൻസിനറേറ്റർ ഇൻസ്റ്റാൾ ചെയ്ത കമ്പനിയെ തന്നെയാണ് റിപ്പയറിംഗിനു പരിഗണിച്ചതെന്നുള്ളതും, മേൽ കമ്പനി സമർപ്പിച്ചത് സാധുവായ ടെണ്ടർ ആയതിനാലും കരാറുകാരനു തുക അനുവദിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

3. പ്രതിപാദ്യ പ്രവർത്തനം മാലിന്യ സംസ്കരണത്തിന് ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചായതിനാൽ പ്രസ്തുത സാങ്കേതിക വിദ്യയുടെ ഉപയോഗം കേളകം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളത് രാജ്യത്ത് ബാധകമായ നിയമവ്യവസ്ഥകളിൽ നിയമപരമാണോ എന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആണ് ആധികാരികമായി പറയേണ്ടത് എന്നും ബോർഡിന്റെ അഭിപ്രായത്തിന് വിധേയമായി പഞ്ചായത്തിന്റെ

നടപടികൾ സാധൂകരണ യോഗ്യമാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റിന്റെ സർവീസ്, റിപ്പയർ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തീകരിച്ച് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുവാൻ ഗ്രാമപഞ്ചായത്ത് പദ്ധതി ആവഷ്കരിച്ച എങ്കിലും ടെണ്ടർ നടപടിക്രമങ്ങൾ അവലംബിച്ച യഥാവിധി പദ്ധതി നടപ്പിലാക്കുന്നതിനു പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഭരണപരമായി വീഴ്ച ഉണ്ടായിട്ടുണ്ട് എന്നും, എങ്കിലും പദ്ധതി പ്രകാരം അനുവദിച്ച തുക എസ്റ്റിമേറ്റ് മറികടക്കുകയോ, അധിക തുക കരാറുകാരന് നൽകേണ്ടി വരികയോ മറ്റ് ഏതെങ്കിലും വിധത്തിലുള്ള നഷ്ടമോ, അധിക ചെലവോ, ദുർവ്യയമോ ഉണ്ടായിട്ടില്ല എന്നും, അതിനാൽ പ്രവർത്തികൾ സാധൂകരിച്ച് ബിൽ തുക കരാറുകാരന് അനുവദിച്ച പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. കേളകം ഗ്രാമ പഞ്ചായത്ത് സ്ഥാപിച്ച Incinerator, ഖര മാലിന്യ ചട്ടങ്ങൾ അനുശാസിക്കുന്ന Central Pollution Control Board ന്റെ വ്യവസ്ഥകൾ പാലിക്കുന്ന തരത്തിലുള്ളതല്ല എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരാമർശം 5 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പൊതു ഇടങ്ങളിൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കരുതെന്നുള്ള കോടതി ഉത്തരവ് പ്രകാരം ടി ഇൻസിനറേറ്റർ ഇപ്പോൾ പ്രവർത്തിപ്പിക്കുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻസിനറേറ്റർ റിപ്പയർ ചെയ്ത പ്രവർത്തി 2016-17ലാണ് ഏറ്റെടുത്തിട്ടുള്ളത് എന്നതും, പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഭരണപരമായി വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും പദ്ധതി പ്രകാരം അനുവദിച്ച തുക എസ്റ്റിമേറ്റ് മറികടക്കുകയോ, അധിക തുക കരാറുകാരന് നൽകേണ്ടി വരികയോ മറ്റ് ഏതെങ്കിലും വിധത്തിലുള്ള നഷ്ടമോ, അധിക ചെലവോ, ദുർവ്യയമോ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതും കണക്കിലെടുത്ത്, കേളകം ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യസംസ്കരണ പ്ലാന്റ് സർവ്വീസ് -റിപ്പയറിംഗ് പ്രോജക്ടിന് (പ്രോ നം. 9/2017) ഗ്രാമപഞ്ചായത്ത് ഭരണ സമിതി ടെൻഡർ അംഗീകരിക്കാതെ, അടിയന്തര സാഹചര്യത്തിൽ സാധുവായ ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്, സെലക്ഷൻ നോട്ടീസ്, വർക്ക് ഓർഡർ തുടങ്ങി ഭരണപരമായ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവർത്തി ഏല്പിച്ച് പൂർത്തീകരിച്ചതിനും ആയതിന്റെ തുക അനുവദിച്ചതിനും സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, കേളകം ഗ്രാമപഞ്ചായത്ത്, കണ്ണൂർ - 670674
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ
5. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കണ്ണൂർ
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. ഡയറക്ടർ ജനറൽ, കില
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-06-2024 17:40:57

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്